കേരള സർക്കാർ

# മലയാറ്റൂർ-നീലീശ്വരം ഗ്രാമപഞ്ചായത്ത്
# 2015-16
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി4)8/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്–682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ

തീയതി : 25.01.2017

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മലയാറ്റൂർ-നീലീശ്വരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മലയാറ്റൂർ-നീലീശ്വരം ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാലക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

<u>പകർപ്പ് :-</u>

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇകെഎം(പി4)8/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ–മെയിൽ : doekm.ksad@kerala.gov.in

തീയതി : 25.01.2017

# എറണാകുളം ജില്ലയിലെ മലയാറ്റൂർ-നീലീശ്വരം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മലയാറ്റൂർ-നീലീശ്വരം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തിലെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.04.2015 മുതൽ 31.3.2016തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. ഇതിൽ 10അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ലഭിച്ച മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ഡി.സുരേഷ് രാജു,ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23.12.2016 മുതൽ 30.12.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ജയ.സി.ആർ,ഓഡിറ്റ്ഓഫീസർ(ഹ.ഗ്രേ) (26.12.2016 മുതൽ 30.12.2016 വരെ) |
| | കവിതാദേവി.വി.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ജോൺസൺ.ടി.ടി., സീ. ഗ്രേ. ഓഡിറ്റർ (23.12.2016 മുതൽ 24.12.2016 വരെ) |
| | കവിത കണ്ണൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | രാധാകൃഷ്ണൻ ചങ്ങാട്ട് | 01.04.2015 | 31.10.2015 |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 1.11.2015 | 18.11.2015 |
| | അനിമോൾ ബേബി | 19.11.2015 | 31.03.2016 |
| വൈസ് പ്രസിഡന്റ് | മേരി ഔസേഫ് | 01.04.2015 | 31.10.2015 |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.11.2015 | 18.11.2015 |
| | സജീവ് ചന്ദ്രൻ | 19.11.2015 | 31.03.2016 |
| സ്റ്റാൻറിംഗ് കമ്മറ്റി ചെയർപേഴ്സൺസ് | | | |
| വികസന കാര്യം | കെ.ജെ.പോൾ | 01.04.2015 | 31.10.2015 |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.11.2015 | 18.11.2015 |
| | ബിബി സെബി | 19.11.2015 | 31.03.2016 |
| ക്ഷേമകാര്യം | വിജി രജി | 01.04.2015 | 31.10.2015 |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.11.2015 | 18.11.2015 |
| | ഷാഗിൻ കണ്ടത്തിൽ | 19.11.2015 | 31.03.2016 |
| ആരോഗ്യ കാര്യം | ജോയ് ആവോക്കാരൻ | 01.04.2015 | 31.10.2015 |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.11.2015 | 18.11.2015 |
| | മിനി സുരേന്ദ്രൻ | 19.11.2015 | 31.03.2016 |
| സെക്രട്ടറി | എ.വി.ഷാജൻ (സെക്രട്ടറി ഇൻ ചാർജ്ജ്) | 01.04.15 | 27.07.15 |
| | കെ വി മനോജ് | 28.07.15 | 31.03.16 |
| അസിസ്റ്റന്റ് സെക്രട്ടറി | എ.വി.ഷാജൻ | 01.04.15 | 24.08.15 |
| | കെ.യു.സുനിൽകുമാർ | 25.08.15 | 31.03.16 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | വി.അനിത | 01.04.2015 | 31.03.2016 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.അനഘൻ സി | 01.04.2015 | 31.03.2016 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.സുജഅലോഷ്യസ് | 01.04.2015 | 30.05.2015 |
| | ഡോ.ബിമൽബാബു | 31.05.2015 | 02.07.2015 |
| | ഡോ.ജീതു ജോർജ് | 03.07.2015 | 28.02.2016 |
| | ഡോ.അഖില. കെ.പി. | 01.03.2016 | 31.03.2016 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.കെ.ജി | 01.04.2015 | 30.11.2015 |
| | സുജ ജേക്കബ് | 01.12.2015 | 31.03.2016 |

| | | | |
|---|---|---|---|
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ( മലയാറ്റൂർ) | ഷിനോ | 01.04.2015 | 31.03.2016 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (കാടപ്പാറ) | റെജി.ടി.ആർ | 01.04.2015 | 31.03.2016 |
| ഹെഡ് മാസ്റ്റർ GLPS നീലീശ്വരം | സുജാത | 01.04.2015 | 31.03.2016 |
| വെറ്ററിനറി സർജൻ | ഡോ.ജേവി | 01.04.2015 | 31.03.2016 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ആർ.അനപ്രിയ | 01.04.2015 | 22.06.2015 |
| | തോമസ് | 23.06.2015 | 17.12.2015 |
| | ആർ.അനപ്രിയ | 18.12.2015 | 31.03.2016 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | അജിതമോൾ | 01.04.2015 | 31.03.2016 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം – 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | ഓഡിറ്റ് ഇംപാക്ട് | 1-12 |
| | ഭാഗം – 2 | |
| 13 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല | 2-1 |
| 14 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-2 |
| 15 | D&O ലൈസൻസ് ഫീ -അപാകത | 2-3 |
| | ഭാഗം – 3 | |
| 16 | റീടാറിങ്ങിന് അധിക നിരക്ക്-നഷ്ടം | 3-1 |
| 17 | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം)നിർവ്വഹിച്ച പ്രോജക്ടിലെ അപാകതകൾ | 3-2 |
| 18 | ആശ്രയ പദ്ധതി -നടപടി സ്വീകരിച്ചതിലെ അപര്യാപ്തത | 3-3 |
| 19 | ഡെസ്ക്ക് ടോപ്പ് വിതരണം-അപാകത | 3-4 |

| | | |
|---|---|---|
| 20 | വിനിയോഗ സാക്ഷ്യ പത്രമില്ല -തുക തടസപെടുത്തുന്നു | 3-5 |
| 21 | പദ്ധതി ഫണ്ട് വകമാററി ചെലവഴിച്ചു- | 3-6 |
| 22 | ഡിസ്കൗണ്ട് കിഴിക്കാതെ പത്രപ്പരസ്യചാർജ് നൽകി. | 3-7 |
| 23 | മെമ്പർമാർക്ക് യാത്രാബത്ത നൽകി- തുക നിരാകരിക്കുന്നു. | 3-8 |
| | ഭാഗം – 4 | |
| 24 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 25 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 27 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 28 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 29 | ഓഡിറ്റ് റിക്കവറി | 4-6 |
| 30 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 33 | ഓഡിറ്റ് സർട്ടിഫിക്കറ്റ് – 2015-16 | അനുബന്ധം.1 |
| 34 | ബാലൻസ് ഷീറ്റ് – 2015-16 | അനുബന്ധം.2 |
| 35 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് – 2015-16 | അനുബന്ധം.3 |
| 36 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് – 2015-16 | അനുബന്ധം.4 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-2016ലെ ബജറ്റ് 27.03.2015ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവും ചെലവും,യഥാർത്ഥ വരവും ചെലവും തമ്മിൽ വലിയ അന്തരം ഉണ്ട്. വിശദവിവരം ചുവടെ :-

| ക്രമ നം | വരവ് | | ചെലവ് | |
|---|---|---|---|---|
| 1 | ബജറ്റ് വരവ് | 98306830 | ബജറ്റ്ചെലവ് | 105822400 |
| 2 | യഥാർത്ഥ വരവ് | 33080994 | യഥാർത്ഥ ചെലവ് | 50284805 |
| 3 | വ്യത്യാസം | 65225836 | വ്യത്യാസം | 55537595 |
| 4 | ശതമാനം | 66% | ശതമാനം | 52% |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 28.07.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ അപാകതകളൊന്നും കണ്ടെത്തിയില്ല. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റമെന്റ്, റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റമെന്റ്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,64,40,103 |
| വരവ് | 3,30,80,994 |
| ആകെ | 59,52,11,097 |
| ചെലവ് | 5,02,84,805 |
| നീക്കിയിരിപ്പ് | 92,36,292 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1554688 | 2937989 | 4492672 | 14683106 | 10190429 | 0 |
| വികസനഫണ്ട് എസ്.സി.പി. | 3270835 | 2508941 | 5779776 | 2973125 | 2806651 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | - | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 1043561 | 4835460 | 5879021 | 5879021 | - | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2990232 | 1322336 | 4312568 | 4312568 | - | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2201972 | 5582625 | 7784597 | 4584292 | 3200305 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 4642775 | 2451806 | 7094581 | 2911108 | 4183473 | 0 |
| എം.എൻ.ആർ. ഇ.ജി.എസ്. | 0 | 477521 | 477521 | 477521 | - | 0 |
| ബി ഫണ്ട് | 0 | 574268 | 574268 | 574268 | - | 0 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടു കളുടെ ശതമാനം |
|---|---|---|---|---|---|---|
| 191 | 53690508 | 122 | 31952966 | 23 | 46 | 64 |

# 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 32,43,992 | 27,48,972 | 4,95,020 | -15.3 |
| നികുതിയേതര വരവുകൾ | 14,57,457 | 5,93,193 | 8,64,264 | -59 |
| മറ്റുവരവുകൾ | 95,354 | 84,597 | 10,757 | -11.3 |

# 1-8 ക്ഷേമപദ്ധതികൾ

2015-2016-ൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 78000 | 46 |
| കർഷകതൊഴിലാളി പെൻഷൻ | 5819430 | 632 |
| വിധവാപെൻഷൻ | 9864760 | 856 |
| വാർദ്ധക്യകാല പെൻഷൻ | 10176540 | 1192 |
| വികലാംഗപെൻഷൻ | 3136910 | 260 |
| 50-വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 782200 | 65 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 390000 | 13 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.12.2016-ന് അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 19224/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം.

പഞ്ചായത്തിലെ വിവിധ രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. ഇൻകുബെൻസി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ആവശ്യമായ രേഖപ്പെടുത്തൽ കാണുന്നില്ല. ജീവനക്കാരുടെ കാലയളവ് കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.07.16 മുതൽ 16.07.16 വരെ | 01.06.16മുതൽ 30.06.16 വരെ | 16.08.16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.03.2015 | 2009-10 മുതൽ 2013-14 വരെ | 23.05.2015 |

## 1-12 ഓഡിറ്റ് ഇംപാക്ട്

ഡി.&ഒ. ലൈസൻസ് ഫീസിനത്തിൽ അടച്ച തുകയിൽ കുറവ് വന്ന 300/- രൂപ ഓഡിറ്റ് ചൂണ്ടിക്കാണിച്ചതിനെ തുടർന്ന് രസീത് നം. 11601103112 തീയതി 29.12.2016 പ്രകാരം അടച്ചിട്ടുണ്ട്.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല.

വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ പ്രകാരം ഡെപ്യൂട്ടി ജനറൽ മാനേജർ, വങ്കാരത്ത് ടവേഴ്സ്, പാലാരിവട്ടത്തിന്റെ ഉടമസ്ഥതയിലുള്ള രണ്ട് മൊബൈൽ ടവറുകൾ (ഇൻഡസ്) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ വസ്തുനികുതി 2013-14 സാമ്പത്തിക വർഷം അസസ് ചെയ്തിട്ടുള്ളതാണ് (w.e.f 10.5.13). 2013-14 മുതൽ 2015-16വരെ ടവറുടമകളിൽ നിന്ന് വസ്തുനികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയായി (നം.5 തീയതി 28.12.16 ) 2013-14 വർഷത്തെ നികുതി ഈടാക്കിയിട്ടുണ്ടെന്നും തുടർന്നുള്ള വർഷങ്ങളിലെ നികുതി ഈടാക്കുന്നതിലേക്ക് ഡിമാന്റ് നോട്ടീസ് അയച്ചിട്ടുള്ളതുമാണെന്ന് അറിയിച്ചിട്ടുണ്ട്. ടവറുകളെക്കുറിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 2014-15 വർഷം മുതലുള്ള വസ്തുനികുതി പിഴപ്പലിശ സഹിതം ടവറുടമകളിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| കെട്ടിട നമ്പർ തറവിസ്തീർണം | അടിസ്ഥാന വസ്തുനികുതി @500/- per Sq.m | ഇളവ്, വർദ്ധനവിനു ശേഷം ഈടാക്കേണ്ട നികുതി |
|---|---|---|
| 6/160A , 4.5 Sq.m | 2250/- | 2025/-(10%മേഖല ഇളവ്) |
| 6/160B , 10.5 Sq.m | 5250/- | 4725/-(10%മേഖല ഇളവ്) |

## 2-2 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

## **15000/-** രൂപ നഷ്ടം

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2015-16 വർഷം താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലായെന്ന് കാണുന്നു. വിശദീകരണമാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 3 തീയതി 26.12.2016) മറുപടി നൽകിയില്ല. ഡിമാന്റ് ചെയ്യാത്തതിനാൽ തൻവർഷം നികുതിയിനത്തിൽ നഷ്ടമായ 15000/- (1250 x 2 x 6 = 15000/- ) രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ ഈടാക്കേണ്ടതാണ്.

(i) മാവേലി സ്റ്റോർ
(ii) കാത്തലിക് സിറിയൻ ബാങ്ക്
(iii) സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക്
(iv) SBI കൊറ്റമം
(v) SBT മലയാറ്റൂർ
(vi) മുത്തൂറ്റ് ഫിൻകോർപ്പ്

## **2-3** ഡി.&ഒ. ലൈസൻസ് പരിശോധന - അപാകതകൾ.

വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ പ്രകാരം 2 ാം വാർഡിലെ 417A നമ്പർ കെട്ടിടം (83.30 m2) മിഥുൻ ആഗസ്റ്റി എന്ന വ്യക്തി പന്നിഫാം നടത്തുവാൻ ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട് (അസസ്മെന്റ് വർഷം 2014-15 Assessed w.e.f 22.12.2014). മേലിനത്തിൽ 2015-16 വർഷത്തെ വസ്തുനികുതി ടിയാൻ ഒടുക്കിയിട്ടുമുണ്ട് (993/-രൂപ രസീത് നം.11501103029 തീയതി 18.2.16). 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 3 പട്ടിക 1, ക്രമ നം 130 പ്രകാരം കോഴി, പന്നി , ആട് എന്നിവയുടെ സംഭരണത്തിനും വിൽപ്പനക്കും ഡി.&ഒ. ലൈസൻസ് ആവശ്യമാണ്. ശ്രീ മിഥുന് നൽകിയ 2015-16 വർഷത്തെ ഡി.&ഒ. ലൈസൻസിന്റെ പകർപ്പും ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ രേഖകളും ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 4 തീയതി 27.12.16 ) മറുപടി ലഭിച്ചിട്ടില്ല. ലൈസൻസില്ലാതെ പഞ്ചായത്ത് പരിധിയിൽ ഇപ്രകാരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ചട്ട വിരുദ്ധമാണ്. 1996ലെ കേരള പഞ്ചായത്ത് രാജ് ചട്ടം 26 പ്രകാരം ചട്ടലംഘനത്തിന് 255ാം വകുപ്പ് പ്രകാരം പിഴശിക്ഷ നൽകേണ്ടതാണ്. ഈ വിഷയത്തിൻമേൽ സ്വീകരിച്ച തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-**3**

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## **3-1** റീ ടാറിംഗ് പ്രവൃത്തി - അധിക നിരക്ക് നൽകി.

മലയാറ്റൂർ - നീലീശ്വരം ഗ്രാമ പഞ്ചായത്തിൽ 2015-16 സാമ്പത്തിക വർഷത്തിൽ അസ്സി.എഞ്ചിനീയർ നടപ്പാക്കിയ വിവിധ റീ-ടാറിംഗ് പ്രവൃത്തികളിൽ 53mm to 22.4mm മെറ്റൽ ഉപയോഗിച്ചുള്ള ബിറ്റുമിൻ ലെവലിങ്ങ് കോഴ്സ് ഉൾപ്പെടുത്തിയിട്ടുണ്ട്. 2014-15 സാമ്പത്തികവർഷം വരെ തദ്ദേശ സ്വയം ഭരണ വകുപ്പിലെ റീ-ടാറിംഗ് പ്രവൃത്തികളിൽ ചെയ്തിരുന്ന ബിറ്റുമിൻ ലെവലിങ്ങ് കോഴ്സിലെ 36mm മെറ്റലിനു പകരം DSR ലെ 53mm to 22.4mm മെറ്റലിന്റെ നിരക്കാണ് നൽകിയിരിക്കുന്നത്. 53mm to 22.4mm മെറ്റലിന് CPWD (DSR) ഇനം 16.3.3 പ്രകാരം 1637.10രൂപ/m3 (with out CP+OH) രൂപയും ബിറ്റുമിൻ ലെവലിങ്ങ് കോഴ്സ് പ്രവൃത്തിക്ക് 1928.60രൂപ/m3 (with out CP+OH) നിരക്കുമാണ് നൽകിയിട്ടുള്ളത്. രണ്ട് ഐറ്റത്തിനും കൂടി 1m3 ന് 3565.70 രൂപ നൽകിയിരിക്കുന്നു.

എന്നാൽ തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 13.02.2014 തിയതിയിലെ DB-3/6512/2013/CE/LSGD നമ്പർ സർക്കുലർ പ്രകാരം CPWD ഡാറ്റയിലെ അദ്ധ്യായം 16 ഉം MoRD സ്പെസിഫിക്കേഷനമാണ് വാഹന ബാഹുല്യം കുറവായതും വീതി കുറഞ്ഞതുമായ ഗ്രാമീണ റോഡുകൾക്ക് ഉപയോഗിക്കാവുന്നത്. ഇതു പ്രകാരം MoRD 506 പ്രകാരമുള്ള Construction of Penetration Macadam (75mm,,VG 10 bitumin) ത്തിന്റെ നിരക്കായ 275.40 രൂപയാണ് 1m2 ന് കുഴിയടക്കൽ പ്രവൃത്തികൾക്ക് പരമാവധി നൽകാവുന്നത്. 10cm കനത്തിൽ ചെയ്തിരിക്കുന്ന പ്രവൃത്തിക്ക് IRC സ്പെസിഫിക്കേഷൻ പ്രകാരമുള്ള ബിറ്റുമിൻ ലെവലിങ്ങ് കോഴ്സിന് DSR നിരക്ക് നൽകി 1m3 ന് 3565.70 രൂപ കണക്കാക്കിയത് താഴെ പറയും പ്രകാരമാണ്.

| ഇനം | നിരക്ക് | തുക |
|---|---|---|
| 0.022day റോളർ വാടക | 1500/day | 33.00 |
| 0.022 ബോയിലർ വാടക | 830/day | 18.26 |
| 0.066 വീൽബാരോ വാടക | 5.75/day | 0.38 |
| 0.40 HSD | 55.49/Ltr | 22.20 |
| 0.80 Kerosine | 48.00/Ltr | 38.40 |
| Sundries | | 1.35 |
| Labour | | |
| 1.00 Special Mazdoor | 363.00/day | 363.00 |
| 0.50 Woman | 329.00/day | 164.50 |
| Material | | |
| ബിറ്റുമിൻ 20kg | 50600.00/T | 1012.00 |
| ബിറ്റുമിൻ കടത്തുകൂലി 20kg | 106.49/T | 2.13 |
| Total | | 1655.22 |
| 1% Water Charge | | 16.55 |
| | | 1671.77 |
| കുറക്കുക (ബിറ്റുമിൻ+ കടത്തുകൂലി) | | 1014.13 |
| | | 657.64 |
| Cost Index | 0.3905 | 256.80 |
| | | 914.44 |
| കൂട്ടുക (ബിറ്റുമിൻ+ കടത്തുകൂലി) | | 1014.13 |
| ആകെ | | 1928.57 |
| അതായത് | | 1928.60 |
| DSR 16.3.3 പ്രകാരം 53mm to 22.4mm മെറ്റൽ വില | | 1637.10 |
| ആകെ നൽകിയത് | 1m3(ഘനമീറ്റർ) | 3565.70 |
| 10 cm കനത്തിൽ ചെയ്തിരിക്കുന്ന പ്രവൃത്തിക്ക് കനം ഒഴിവാക്കി m2(ചതുരശ്ര മീറ്റർ) ൽ നിരക്ക് കണക്കാക്കിയാൽ 1m2 ന് നൽകിയ നിരക്ക് | 3565.70/10 | 356.57 |

MoRD സ്പെസിഫിക്കേഷൻ 506 പ്രകാരമുള്ള 275.40/1m2 (With out CP+OH) നിരക്ക്

നൽകുന്നതിനു പകരം 356.57/1m2 നിരക്ക് നൽകിയതിലൂടെ 1m2 ന് 81.17 രൂപ വീതം അധികം നൽകിയിട്ടുണ്ട്. പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നമ്പർ, പേര്, എം ബുക്ക് നമ്പർ | കൺവീനർ | അളവ് m2 | നൽകിയ തുക @ 356.57 | നൽകാവുന്നത് @ 275.40 | അധികം നൽകിയത് | ചെലവ് വിവരം |
|---|---|---|---|---|---|---|---|
| 1 | എസ്.ഒ. 0059/16 കിളിയേൽ കുടി റോഡ് എം ബുക്ക് നം.6/15-16 | ജോയ്. കെ.എ | 18m2 | 6418.26 | 4957.20 | 1461.06 | 73,649/- (ബിൽ നമ്പർ 58/15-16 തീയതി 28.03.16) |
| 2 | എസ്.ഒ. 0051/16 നടുമുറ്റം മുണ്ടങ്ങാമറ്റം റോഡ് റീ ടാറിംഗ് എം ബുക്ക് നം.34/15-16 | ജെയ്സൻ തോമസ് | 13.10m2 | 4671.06 | 3607.74 | 1063.32 | 1,00,000/- (ബിൽ നമ്പർ 84/15-16 തീയതി 31.03.16) |
| 3 | എസ്.ഒ. 0062/16 മുല്ലശേരി റോഡ് റീ ടാറിംഗ് എം ബുക്ക് നം.8/15-16 | സുകുമാരൻ. കെ.കെ | 29m2 | 10340.53 | 7986.6 | 2353.93 | 98379/- (ബിൽ നമ്പർ 52/15-16 തീയതി 14.03.16) |
| 4 | എസ്.ഒ. 0061/16 കുരിശ് റോഡ് റീ ടാറിംഗ് W-4 എം ബുക്ക് നം.3/15-16 (Vol.-1&2) | കെ.പി. ബൈജു, കോഴിക്കൊടത്താൻ | 197M2 | 70244.29 | 54253.8 | 15990.49 | 443517/- (ബിൽ നമ്പർ 44/15-16 തീയതി 14.03.16) |
| ആകെ നഷ്ടം | | | | | | 20869 | |

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (എൻക്വയറി നമ്പർ 1 തീയതി 29.12.2016) മറുപടിയിൽ എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നതിന് അധികാരമുള്ള ബ്ലോക്ക് ഡിവിഷൻ ഓഫീസിൽ നിന്നും നൽകിയ നിർദ്ദേശപ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്നാണ് പദ്ധതി നടപ്പാക്കിയ അസ്സി.എഞ്ചിനീയർ മറുപടി നൽകിയത്. ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്ത് വേലകളുടെ തലവനായ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറും ജില്ലയിലെ മറ്റ് ബ്ലോക്ക് ഡിവിഷൻ ഓഫീസുകളുടെ തലവൻമാരും MoRD സ്പെസിഫിക്കേഷൻ 506 പ്രകാരമുള്ള നിരക്കിന് അംഗീകാരം

നൽകിയപ്പോൾ അങ്കമാലി ബ്ലോക്ക് ഡിവിഷൻ ഓഫീസിൽ നിന്നും ഇത്തരത്തിൽ തെറ്റായ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയത് ന്യായീകരിക്കാവുന്നതല്ല. ഇതുമൂലം സംഭവിച്ച നഷ്ടം എസ്റ്റിമേറ്റിന് അംഗീകാരം നൽകിയ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും പദ്ധതി നടപ്പാക്കിയ അസ്സിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.
ഓഡിറ്റ് വർഷം പാർട്ട് ബിൽ പ്രകാരം തുക അനുവദിച്ച ഏതാനും മരാമത്ത് പ്രവൃത്തികളിലും ഇതേ അപാകത ആവർത്തിക്കുന്നുണ്ട്.ഇവ പരിശോധിച്ച് അധികം നൽകിയ തുക തിരിച്ചുപിടിക്കേണ്ടതാണ്.

# 3-2 മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) നിർവ്വഹിച്ച പ്രോജക്ടിലെ അപാകതകൾ.

ആയുർവ്വേദ ഡിസ്പൻസറിയിലേയ്ക്ക് മരുന്നുകൾ ഔഷധിയിൽനിന്നും വാങ്ങി നൽകുന്നതിനായി മെഡിക്കൽ ഓഫീസർ നിർവ്വഹിച്ച പ്രോജക്ടാണ് ആയുർവ്വേദ ആശുപത്രിയിലേയ്ക്ക് മരുന്ന വാങ്ങൽ. പ്രോജക്ട് സംബന്ധിച്ച വിശദവിവരങ്ങൾ താഴെക്കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ആയുർവ്വേദ ആശുപത്രിയിലേയ്ക്ക് മരുന്ന വാങ്ങൽ |
| പ്രോജക്ട് നം. | S0072/16 |
| വിഭാഗം/ഫണ്ട് | ജനറൽ/മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| മേഖല | ആരോഗ്യം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽഓഫീസർ,<br>ആയുർവ്വേദ ഡിസ്പൻസറി |
| ചെലവ് രേഖ /<br>തുക | ബിൽനം.1/15-16തീ.31/7/2015<br>DDNO.903629തീ.8/8/15 |

സർക്കാർ ഉത്തരവ് GO(MS)NO.71/2008/ത.സ്വ.ഭ.വ. തീ .12.03.2008 പ്രകാരം മെയിന്റനൻസ് ഫണ്ടിന്റെ (റോഡിതരം) 10% മാത്രമേ മരുന്ന വാങ്ങലിനായി ഉപയോഗിക്കാൻ പാടുള്ളൂ. ഓഡിറ്റ് വർഷം മെയിന്റനൻസ് ഫണ്ട് (റോഡിതരം) വരവ് 1322336/- രൂപയാണ്. അപ്പോൾ മരുന്ന വാങ്ങലിനായി ഉപയോഗിക്കാവുന്നത് 132233/- രൂപ മാത്രമാണ്. എന്നാൽ നിർവ്വഹണോദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ 450000/- രൂപ പ്രോജക്ടിനായി ചെലവഴിച്ചു. സർക്കാർ ഉത്തരവ് ലംഘിച്ച് കൂടുതലായി ചെലവഴിച്ച തുക 317766/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി നിർവ്വഹണത്തിനായി ഫണ്ടുകൾ വകയിരുത്തുമ്പോൾ ഇക്കാര്യത്തിലുള്ള സർക്കാർ ഉത്തരവുകളുടെ സാധൂകരണം കൂടി മനസ്സിലാക്കേണ്ടതും തദനുസൃതമായി പ്രോജക്ടുകൾ രൂപീകരിക്കാൻ ഉത്തരവാദപ്പെട്ടവർ ശ്രദ്ധിക്കേണ്ടതുമാണ്.

# 3-3 ആശ്രയ പദ്ധതി -നടപടി സ്വീകരിച്ചതിലെ അപര്യാപ്തത.

അഗതികൾക്കായി എല്ലാ പഞ്ചായത്തുകളും ആശ്രയ പദ്ധതി നടപ്പിൽ വരുത്തണമെന്ന് തദ്ദേശ സ്വയംഭരണവകുപ്പ് 16.11.2013ൽ എംഎസ്362/2013 നമ്പർ ഉത്തരവിൽ

നിഷ്കർഷിച്ചതിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ സർവേകൾ നടത്തുകയും രണ്ടു മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുകയും ചെയ്തിരുന്നു. പ്രസ്തുത സർവ്വേകൾ പ്രകാരം പഞ്ചായത്തിൽ 206 അഗതികൾ ഉള്ളതായി കണ്ടെത്തിയിരുന്നു. ഇവർക്ക് അത്യാവശ്യമായ സഹായങ്ങൾ അടിയന്തിരമായും സമയബന്ധിതമായും എത്തിക്കുന്നതിനുള്ള വ്യക്തമായ കാഴ്ചപ്പാടോടുകൂടി തയ്യാർ ചെയ്ത മാസ്റ്റർ പ്ലാനുകൾ പ്രകാരം 2016-17 സാമ്പത്തിക വർഷത്തോടെ എല്ലാവർക്കും ആനുകൂല്യങ്ങൾ കിട്ടേണ്ടതാണ്. എന്നാൽ രണ്ടു മാസ്റ്റർ പ്ലാനുകളിലുമായി ആകെ 4 ഗുണഭോക്താക്കൾക്ക് മാത്രമാണ് ഭവന പുനരുദ്ധാരണത്തിനുള്ള ധനസഹായം അനുവദിച്ചത്. സെക്രട്ടറി, അസി.സെക്രട്ടറി, രണ്ടു VEOമാർ എന്നിങ്ങനെ 4 നിർവ്വഹണോദ്യോഗസ്ഥർ ഉണ്ടെന്നിരിക്കെ ഏറ്റവും അത്യാവശ്യക്കാർക്കായിട്ടുള്ള ഈ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല.

## 3-4 ഡെസ്ക് ടോപ്പ് വിതരണം - അപാകത.

2015-16 സാമ്പത്തിക വർഷം അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടുകളിൽ ഒരേ ഗുണഭോക്താക്കൾക്ക് തന്നെ പല പ്രോജക്ടുകളുടെ ആനുകൂല്യം ലഭിക്കുന്നതായി കാണുന്നു. ആനുകൂല്യങ്ങൾ പരമാവധി ഗുണഭോക്താക്കളിലേയ്ക്ക് എത്തിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇത്തരത്തിൽ 2015-16 സാമ്പത്തിക വർഷം desktop computer, professional course നുള്ള പഠന സഹായം എന്നിവ ലഭിച്ച അഖിൽ.വി.കെ., വിളങ്ങപ്പുറത്ത് എന്ന വിദ്യാർത്ഥിയ്ക്ക് 2014-15 ൽ laptop നല്കിയിരുന്നതായി കാണുന്നു. ആയതിനാൽ 2015-16 സാമ്പത്തിക വർഷം desktop computerനായി നൽകിയ 25,000/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-5 വിനിയോഗസാക്ഷ്യപത്രമില്ല - തുക തടസപ്പെടുത്തുന്നു

2015-16 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികളിൽ ചുവടെ ചേർത്തിട്ടുള്ളവയുടെ വിനിയോഗസാക്ഷ്യപത്രമില്ല. ആയതിനാൽ ചെലവു തുക തടസ്സത്തിൽ വയ്ക്കുന്നു.

| ക്രമ നമ്പർ | നിർവഹണ ഉദ്യോഗസ്ഥൻ | പദ്ധതി നമ്പർ പേര്. | ചെലവഴിച്ച തുക | ഡി.ഡി.നമ്പർ തീയതി |
|---|---|---|---|---|
| 1 | സെക്രട്ടറി | IAY-വിഹിതംഅടയ്ക്കൽ | 5,00,000 | 861517/8.4.16 |
| 2 | HM | SSA-വിഹിതം | 50,000 | 719123/23.9.2015 |
| 3 | VEO | IAY-വിഹിതംഅടയ്ക്കൽ | 6,00,000 | 861517/8.4.16 |
| ആകെ | | | 11,50,000 | |

## 3-6 പദ്ധതി ഫണ്ട് വക മാറ്റി ചെലവഴിച്ചു.

വി.ഇ.ഒ., കാടപ്പാറ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കക്കൂസ് നിർമ്മാണം (സ്വച്ഛ് ഭാരത് മിഷൻ) ജനറൽ എന്ന പദ്ധതിയിൽ ഒരു ഗുണഭോക്താവിന് കക്കൂസ് നിർമ്മാണത്തിനായി 13,400/- രൂപ വീതം ധനസഹായം അനുവദിക്കുന്നതിനായി വിഭാവനം ചെയ്തിരുന്നു. ഇതിൽ കേന്ദ്രാവിഷ്കൃത ഫണ്ട് വിഹിതം 12,000/- രൂപയും പദ്ധതി വിഹിതം 1,400/- രൂപയും വീതമാണ് വകയിരുത്തിയിരുന്നത്. എന്നാൽ വി.ഇ.ഒ. പദ്ധതി നടപ്പിൽ വരുത്തിയപ്പോൾ നൽകിയ റിക്വസിഷൻ പ്രകാരം 3 ഗുണഭോക്താക്കൾക്ക് കക്കൂസ് നിർമ്മാണത്തിന് കേന്ദ്രാവിഷ്കൃത ഫണ്ട് മാത്രം ആവശ്യപ്പെടുകയും അതിനനുസരിച്ച് ചെലവഴിക്കുകയും ചെയ്തു. അതിനാൽ പദ്ധതി വിഹിതം 4,200/- രൂപ ഉപയോഗിക്കുവാനായില്ല. പ്രൊജക്ടിൽ വിഭാവനം ചെയ്തതിന് വിരുദ്ധമായാണ് പദ്ധതി നടപ്പിൽ വരുത്തിയത്. വി.ഇ.ഒ. നടപ്പിലാക്കിയ മറ്റൊരു പദ്ധതിയായ കക്കൂസ് നിർമ്മാണം

ജനറൽ എന്ന S0120/16 നമ്പർ പദ്ധതിയിൽ കക്കൂസ് നിർമ്മാണത്തിനുള്ള തുക തനതു ഫണ്ടിൽ നിന്നും അനുവദിക്കുവാനാണ് വിഭാവനം ചെയ്തിരുന്നത്. സർക്കാർ ഉത്തരവു പ്രകാരം തനതു ഫണ്ടിൽ നിന്നും സാനിറ്ററി യൂണിറ്റുകൾക്ക് അനുവദിക്കാവുന്ന പരമാവധി തുക 8,000/- രൂപ മാത്രമാണ് എന്നിരിക്കെ ഈ പ്രൊജക്ടിലും 13,400/- രൂപ വീതം 2 ഗുണഭോക്താക്കൾക്ക് അനുവദിച്ചതായി കാണുന്നു (വൗ.21500419 / 18.09.2015, വൗ.21500221 / 15.07.2015). അധികം നൽകിയ 10,800/- (5400 x 2) രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 3-7 ഡിസ്കൗണ്ട് കിഴിക്കാതെ പത്രപ്പരസ്യ ചാർജ് നൽകി.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (ഡി) ഡിപ്പാർട്ട്മെന്റിന്റെ 22.1.13 ലെ ജി.ഒ.പി നം 1/13/I & PRD ഉത്തരവ് പ്രകാരം ഗവ.സ്ഥാപനങ്ങൾ PRD മുഖേനയോ നേരിട്ടോ മലയാള ദിനപത്രങ്ങളിൽ നൽകുന്ന പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ട് ലഭ്യമാണ്. എന്നാൽ അർഹതപ്പെട്ട ഡിസ്കൗണ്ട് കുറവ് ചെയ്യാതെയാണ് പദ്ധതി രൂപീകരണച്ചെലവുകളുടെ ഭാഗമായി മാതൃഭൂമി ദിനപത്രത്തിൽ പരസ്യം നൽകിയതിന് 2015-16 വർഷം പരസ്യചാർജ് നൽകിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാതൃഭൂമി ബിൽ തുക, ബിൽ നം./തീയതി | 15%ഡിസ്കൗണ്ട് കിഴിച്ച് നൽകേണ്ടിയിരുന്ന തുക | നൽകിയ തുക. വൗച്ചർ നം, തീയതി (ചെക്ക്നം,തീയതി) | അധികം നൽകിയ തുക |
|---|---|---|---|
| ₹.6,400/- 60702053/24.9.15 | ₹.5,440/- | ₹.6,400/- 21500588/25.11.15 (15342/25.11.15) | ₹.960/- |
| ₹.7,488/- 60755652/18.12.15 | ₹.6,364/- | ₹.7,488/- 21500718/15.1.16 (77747/15.1.16) | ₹.1,124/- |
| ആകെ | | | ₹.2,084/- |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7 തീയതി 30.12.2016) ലഭിച്ച മറുപടി തൃപ്തികരമല്ല. ഡിസ്കൗണ്ട് കിഴിക്കാഞ്ഞതിനാൽ 2084/- രൂപ 'മാതൃഭൂമി'-ക്ക് അധികം നൽകുവാനിടയായി. അർഹമായ ഡിസ്കൗണ്ട് നേടിയെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 മെമ്പർമാർക്ക് അനധികൃതമായി യാത്രാബത്ത നൽകി - ചെലവ് നിരാകരിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 18.4.2000 തീയതിയിലെ സർക്കുലർ നം 4914/P3/ 2000/തസ്വഭവ പ്രകാരം ദൈനംദിനകൃത്യനിർവഹണത്തിനായി സ്വന്തം വാസസ്ഥലത്തു നിന്നും പഞ്ചായത്ത് ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലത്തേക്കുള്ള യാത്രക്ക് അതിന്റെ ദൈർഘ്യം എത്ര തന്നെയായാലും ജനപ്രതിനിധികൾക്ക് യാത്രാബത്തക്ക് അർഹതയില്ല. മേൽ കാര്യം കൂടി കണക്കിലെടുത്തുകൊണ്ടാണ് സർക്കാർ അവരുടെ പ്രതിമാസ ഓണറേറിയം നിരക്കുകൾ നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ മലയാറ്റൂർ പഞ്ചായത്തിലെ രണ്ട് മെമ്പർമാർക്ക് 2013 വർഷം മുതൽ 2015 വരെയുള്ള യാത്രാക്കൂലി (പഞ്ചായത്ത് കമ്മിറ്റികളിൽ പങ്കെടുക്കുവാൻ വീട്ടിൽ നിന്നും പഞ്ചായത്ത് വരെ വന്നതിന്റെ ബസ് ചാർജ്) നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| മെമ്പറുടെ പേര്, പ്രതിനിധീകരിക്കുന്ന വാർഡ് | നല്കിയ യാത്രാക്കൂലി, കാലയളവ് | വൗച്ചർ നമ്പർ തീയതി |
|---|---|---|

| | | |
|---|---|---|
| കെ.ജെ.ബോബൻ<br>7-ാം വാർഡ് മെമ്പർ | 1328/-<br>10.4.13മുതൽ29.7.15വരെ | 21500346/24.8.15 |
| ഷെല്ലി സുക<br>6-ാം വാർഡ് മെമ്പർ | 1300/-<br>10.4.13 മുതൽ 6.7.15 വരെ | 21500345/24.8.15 |

വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6 തീയതി 30.12.2016) മറുപടി നൽകിയതിൽ യാത്രാബത്ത തിരിച്ചു പിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. എങ്കിലും സർക്കാർ ഉത്തരവിന് വിരുദ്ധമായി യാത്രാബത്ത നൽകിയതിനാൽ, ഈയിനത്തിലെ 2,628/- (1328+1300) രൂപയുടെ ചെലവ് നിരാകരിക്കുന്നു. മേൽ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർനം/ ബിൽ നം / തീയതി | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി. | ഇലക്ട്രിക് ലൈൻ നീട്ടൽ | 215002224 | 1,08,700 | 1,08,700 | - |
| കേരളാ വാട്ടർ അതോറിറ്റി | അങ്കണവാടികൾക്ക് വാട്ടർ കണക്ഷൻ | 215002225 | 2,74,970 | 2,74,970 | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഈയിനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പ യുടെ പേര്/ | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭം തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടാ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|

| ഉദ്ദേശ്യം | | | യിരുന്ന തുക | മുതൽ | പലിശ | തുക |
|---|---|---|---|---|---|---|
| EMS ഭവനം | GO(MS)530/2010/ LSGD-18/2/2010 | 90,37,500 | 40,37,500 | 20,00,000 | 306716 | 20,37,500 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

# 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 1996-97 | 4 | 66 | ജി. ഓ.തോമസ് | 11501100479/06.05.15 |
| | | 34 | തോമസ് | 11501100480/06.05.15 |
| | | 17 | ഉഷ | 11501100481/06.05.15 |
| | | 32 | മോളി ജോയ് | 11501100482/06.05.15 |
| | | 32 | പാപ്പച്ചൻ | 11501100483/06.05.15 |
| | | 32 | ജോസഫ് | 11501100484/06.05.15 |
| | | 32 | ജെസി | 11501100485/06.05.15 |
| | 2-3A(2) | 3 | ഉഷ | 11501100486/06.05.15 |
| | 2-3A2-3 | 10 | സെക്രട്ടറി | 11501100487/06.05.15 |
| | 2-(12) | 100 | ഉഷ | 11501100488/06.05.15 |
| | 2-(13) | 75 | PT ലൈബ്രേറിയൻ | 11501100489/06.05.15 |
| | 2-3(a) | 10 | ഉഷ | 11501100500/08.05.15 |
| | 3-6 | 1,600 | ജൂലിയ ബെറ്റസി | 11501101421/12.08.15 |
| 2008-09 | 3-17 | 3,276 | കബ്രാൾ | 11501101422/12.08.15 |
| 2010-11 | 2-2 | 248 | സെബി പോൾ | 11501102436/10.12.15 |
| | 2-2 | 173 | അന്നം തോമസ്. | 11501102459/16.12.15 |
| | 2-2 | 161 | വിദ്യാധരൻ | 11501102548/30.12.15 |
| | 2-(2)1 | 457 | സിവി.എം.എ | 11501102653/13.01.16 |
| | 2-(2) | 658 | സിജൻ സ്വാമി | 11501102688/16.01.16 |
| | 2-(2) | 491 | നസീം അബ്ദുൾ സലീം | 11501103193/24.02.16 |
| | 2-(1) | 6,200 | കെ.എ.പാപ്പച്ചൻ | 11501101904/13.10.15 |
| 2011-12 | 2-(1) | 500 | ടി.കെ.പൗലോസ് | 11501102097/20.10.15 |
| | 2-(1) | 500 | എം എ ജനാർദ്ദനൻ | 11501102102/20.10.15 |
| | 2-(1) | 625 | കെ.എൻ സലിംകുമാർ | 11501102106/21.10.15 |
| | 2-(1) | 528 | ബിസി മോൻ.കെ.സി. | 115011021‌1/21.10.15 |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ താഴെ ചേർക്കുന്നു:-

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| വർഷം | | റിപ്പോർട്ട് വർഷം | | | |
|---|---|---|---|---|---|
| 2001-02 | 41 | 2003-04 | 3-7(2) | ഗുണഭോക്തൃ സമിതിയെ ഏല്പിച്ച മരാമത്ത് വേലകൾ പൂർത്തീകരിക്കാത്തത് സംബന്ധിച്ച് | 6 തടസ്സങ്ങളിൽ 2 എണ്ണം തുക തിരികെ അടച്ചു.<br>1 എണ്ണം ആർ.ആർ നടപടി പൂർത്തീകരിച്ചിട്ടില്ല.<br>1 എണ്ണം എം ബുക്ക്,ബിൽ ബുക്ക് എന്നിവ ഹാജരാക്കാൻ നിർദ്ദേശിച്ചത് ലഭ്യമായില്ല എന്ന് മറുപടി നൽകി. |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,30,80,994 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,02,84,805 |
| വരവിനങ്ങളിലുള്ള നഷ്ടം | 15,000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 59,297 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 14,67,766 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | |
|---|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | | |
| 2-1 | 15,000 | - | 7,500/- | എ.വി.ഷാജൻ.,സെക്രട്ടറി(ചാർജ്) |
| | | | 7,500/- | കെ വി മനോജ്., സെക്രട്ടറി |
| 3-1 | - | 20,869 | അനപ്രിയ.ആർ.,അസി.എഞ്ചിനീയർ | |
| 3-4 | - | 25,000 | സുനിൽ കുമാർ, അസി.സെക്രട്ടറി | |
| 3-6 | - | 10,800 | റെജി. ടി.ആർ.,വി.ഇ.ഒ. | |
| 3-8 | - | 2,628 | കെ വി മനോജ്., സെക്രട്ടറി | |
| ആകെ | 15,000 | 59,297 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | |
|---|---|---|---|
| 3-2 | 317766 | അനുപ്രിയ.ആർ., അസി.എഞ്ചിനീയർ | |
| 3-5 | 11500000 | 50,000 | സുജാത. എം.,ഹെഡ്മിസ്ട്രസ്സ് |
| | | 6,00,000 | ഷിനോ തോമസ്, വി.ഇ.ഒ. |
| | | 5,00,000 | മനോജ് . കെ.വി.,സെക്രട്ടറി |
| ആകെ | 1467766 | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

| പേര് | ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അനുപ്രിയ.ആർ<br>അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, മലയാറ്റൂർ നീലീശ്വരം ഗ്രാമ പഞ്ചായത്ത് | ചതുപ്പേലിൽ വീട്<br>മൈക്കാവ്,വാപ്പലശ്ശേരി |
| കെ.വി.മനോജ്,<br>സെക്രട്ടറി | സെക്രട്ടറി,<br>മലയാറ്റൂർ നീലീശ്വരം ഗ്രാമ പഞ്ചായത്ത് | കാരായിൽ വീട്<br>എസ്.എൻ. റോഡ്,<br>കൂർക്കഞ്ചേരി(പി.ഒ.)<br>തൃശ്ശൂർ – 7 |
| ഷാജൻ.എ.വി.<br>അസി.സെക്രട്ടറി | അസി.സെക്രട്ടറി,ഉറവൂർ പഞ്ചായത്ത് | ആത്തപ്പിള്ളി വീട്<br>സൗത്ത് വെള്ളാരപ്പള്ളി.പി.ഒ |
| കെ.യു.സുനിൽകുമാർ<br>അസി.സെക്രട്ടറി | അസി.സെക്രട്ടറി<br>മലയാറ്റൂർ നീലീശ്വരം ഗ്രാമ പഞ്ചായത്ത് | കൃഷ്ണമന്ദിരം,<br>മേക്കാട് (പി.ഒ.)-683589 |
| റെജി.ടി.ആർ.<br>വി.ഇ.ഒ. | വി.ഇ.ഒ., മലയാറ്റൂർ നീലീശ്വരം ഗ്രാമ പഞ്ചായത്ത് | തട്ടശ്ശേരി ഹൗസ്<br>മഞ്ഞപ്ര |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ/തീയതി |
|---|---|
| 1995-96 | എൽ.എഫ്.ഇ.പി-5 -1919/07/11.02.2009 |
| 1996-97(ചെലവ്) | എൽ.എഫ്.ഇ.പി-3-1158/97/28/01/2009 |
| 1997-98(ചെലവ്) | എൽ.എഫ്.ഇ.പി-4-281/19.10.2000 |
| 1998-99(ചെലവ്) | എൽ.എഫ്.ഇ-പി4-859/2005 06/12/2006 |
| 1998-99 | എൽ.എഫ്.ഇ-പി-4-1922/2007/18.09.2008 |
| 1999-00 | എൽ.എഫ്.ഇ-പി4-1923/2007/18.09.2008 |
| 2000-01 | എൽ.എഫ്.ഇ-പി-4-1770/2008/07.12.2009 |
| 2001-02 | എൽ.എഫ്.ഇ-പി-4-1382/2003/03/06/2003 |
| 2002-03 | എൽ.എഫ്.ഇ-പി-4-234/2007/13/11/2007 |
| 2003-04 | എൽ.എഫ്.ഇ-പി-4-1771/08/07.12.2008 |
| 2004-05 | എൽ.എഫ്.ഇ-പി-4-1772/08/07.12.2008 |
| 2008-09 | എൽ.എഫ്.ഇ-പി-4-1661/2009/16.03.2010 |
| 2007-08,2009-10, 2010-11 | എൽ.എഫ്.ഇ-പി-4-1399/12 09.11.2012 |
| 2011-12 | എൽ.എഫ്.ഇ-പി-4- 645/13 29.05.13/13/06/13 |
| 2012-13,2013-14 | എൽ.എഫ്.ഇ-പി-4- 1903/14 30.12.14/30/12/14 |
| 2013-14 | കെ.എസ്.എ(ഇ കെ എം)പി-4a- 1351/16 04.08.16. |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം

# അനുബന്ധം-1

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.-ഇ.കെ.എം(പി.4)8/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

തീയതി : 25.01.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ മലയാറ്റൂർ നീലീശ്വരം_ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

# APPENDIX – I

# AUDIT CERTIFICATE – 2015-16

No.KSA-EKM(P.4)8/2017

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in
Date : 25.01.2017

Certified that I have audited the Annual Financial Statement of Malayattoor Neeleeswaram Grama Panchayat in Ernakulam District for the Financial Year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of Malayattoor Neeleeswaram Grama Panchayat for the Financial Year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director (H.G.)